"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണം-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയം ഒടുക്കുവാനുള്ള വാടകയുടെ പലിശയിനത്തിൽ വരുത്തിയ കടിശ്ശിക ഒഴിവാക്കി നല്കുന്നതിന് ട്രിഡക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഐ എ) വകുപ്പ്

സ.ഉ.(സാധാ) നം.1507/2026/LSGD തീയതി,തിരുവനന്തപുരം, 12-08-2026

പരാമർശം:- 1. സ.ഉ.(സാധാ) നം. 3791/2008/തസ്വഭവ തീയതി 28/10/2008

2. 05-08-2025-ലെ സ.ഉ. (സാധാ) നം.1930/2025/തസ്വഭവ

3. 30.01.2026-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറിയുടെ എ1 /154/2025/ഒബിഡിഎൻ കത്ത്.

4 22.05.2026-ലെ ട്രിഡ സെക്രട്ടറിയുടെ ആർ3/3306/2008/ട്രിഡ

ഉത്തരവ്

തിരുവനന്തപുരം വികസന അതോറിറ്റിയുടെ (TRIDA) ഉടമസ്ഥതയിൽ പാളയം സാഫല്യം കോംപ്ലക്സിലുള്ള 586.43 ചതുരശ്ര മീറ്റർ വരുന്ന 0-3, 0-4 എന്നീ ഓഫീസ് സ്പേസുകൾ പരാമർശം (1) ഉത്തരവ് പ്രകാരം മാസവാടക അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിന് അനുവദിച്ചിരുന്നു.2019 മുതലുള്ള വാടകക്കരാർ പുതുക്കാതിരുന്നതിനാൽ 2022 ഒക്ടോബർ മുതൽ 2025 സെപ്റ്റംബർ വരെയുള്ള കാലയളവിൽ പഴയ നിരക്കിലാണ് ഓംബുഡ്സ്മാൻ കാര്യാലയം വാടക നൽകിയിരുന്നത്. തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം വാടകക്കരാർ പുതുക്കുന്നതിന് സർക്കാർ അനുമതി നൽകിയതിനെ തുടർന്ന് 2025 ഒക്ടോബർ മുതൽ പുതുക്കിയ വാടക നൽകി വരുന്നുണ്ട്. എന്നാൽ 2022 ഒക്ടോബർ മുതൽ 2025 സെപ്റ്റംബർ വരെയുള്ള കാലയളവിലേക്ക് മുതലിനത്തിൽ 6,68,892/- രൂപയും പലിശയിനത്തിൽ 2,11,364/- രൂപയും ഉൾപ്പെടെ ആകെ 8,80,256/- രൂപ ട്രിഡ കുടിശ്ശികയായി കണക്കാക്കിയിരുന്നു.സർക്കാർ ഓഫീസ് എന്ന പരിഗണന നൽകി വാടക കുടിശ്ശികയിന്മേൽ കണക്കാക്കിയിട്ടുള്ള പലിശ തുകയായ 2,11,364/- രൂപ ഒഴിവാക്കി നൽകണമെന്ന് ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറി പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത വിഷയം പരിശോധിച്ച 28.04.2026-ലെ ട്രിഡ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം പലിശയിനത്തിലുള്ള തുക ഇളവ് ചെയ്തു നൽകുന്നതിന് തീരുമാനിക്കുകയും ആയതിന് സർക്കാരിന്റെ അനുമതി തേടി പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ടിഡ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറിയുടെ അഭ്യർത്ഥന കണക്കിലെടുത്തും, ടിഡയുടെ ഉടമസ്ഥതയിലുള്ള സാഫല്യം കോംപ്ലക്സിലെ 0-3, 0-4 എന്നീ ഓഫീസ് സ്പേസുകൾക്ക് 2022 ഒക്ടോബർ മുതൽ 2025 സെപ്റ്റംബർ വരെയുള്ള കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ ഓഫീസ് വഹിച്ച വാടക കുടിശ്ശികയുടെ പലിശയിനത്തിലുള്ള 2,11,364/- രൂപ (രണ്ട് ലക്ഷത്തി പതിനൊന്നായിരത്തി മുന്നൂറ്റി അറുപത്തിനാല് രൂപ മാത്രം) ഇളവ് ചെയ്ത് നൽകുന്നതിന് ടിഡക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

1.സെക്രട്ടറി ,തിരുവനന്തപുരം വികസന അതോറിറ്റി
2.സെക്രട്ടറി ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയം
3.അക്കൗണ്ടൻറ് ജനറൽ (എ&ഇ)/ഓഡിറ്റ് - E&RSA) കേരള, തിരുവനന്തപുരം
4.എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5.സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA4/20/2026)

ഉത്തരവിൻ പ്രകാരം
Digitally signed by
Pradeep Kumar. C. O
Date: 14-08-2026
12:48:47
സെക്ഷൻ ഓഫീസർ